# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2979** **21-08-2017 ൽ മറുപടിയ്ക്ക്**

## നെല്ല് ഉൽപാദനത്തിൽ സ്വയംപര്യാപ്തത

**ചോദ്യം**
ശ്രീ.രാജു എബ്രഹാം

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്താകെ എത്ര ഹെക്ടറിൽ ആണ് നെൽകൃഷി ഉള്ളത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്ക പ്രകാരം 2015-16 സാമ്പത്തിക വർഷം 1.9687 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>2016-17 സാമ്പത്തിക വർഷത്തിലെ കണക്ക് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം 2016-17 കാലഘട്ടത്തിൽ 15000 ഏക്കർ സ്ഥലത്ത് പുതിയതായി കൃഷി ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം നെല്ല് ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | 2016-17 വർഷം നെൽകൃഷി വികസനത്തിനായി 35 കോടി രൂപയാണ് വകകൊള്ളിച്ചിരുന്നത്. ആയത് 2017-18 വർഷത്തിൽ 70 കോടിയായി വർദ്ധിപ്പിച്ചു. നെൽകൃഷിയിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 2017-18 സാമ്പത്തിക വർഷം താഴെ പറയുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്.<br>1) സുസ്ഥിര നെൽകൃഷി<br>2) വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3) പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം<br>4) പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി<br>5) കരനെൽകൃഷി വികസനം<br>6) തരിശുനില കൃഷി<br>7) ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി<br>8) പദ്ധതിയധിഷ്ഠിത ധനസഹായം |

| | | | |
|---|---|---|---|
| | | | 9) നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം<br>10) ബ്ലോക്ക്തലത്തിൽ പദ്ധതി സംയോജനം<br>11) റൈസ് മില്ലുകൾ സ്ഥാപിക്കൽ<br>12) നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)<br>13) കാർഷിക സൗജന്യ വൈദ്യുത പദ്ധതി (നോൺ പ്ലാൻ) |
| (സി) | പ്രസ്തുത നടപടികളുടെ ഫലമായി നെല്ലുത്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 2015-2016 സാമ്പത്തിക വർഷം 549275 ടൺ നെല്ല് ഉത്പാദിപ്പിച്ചു. 2016-17 സാമ്പത്തിക വർഷത്തിലെ കണക്ക് ഇക്കൊണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷം 15000 ഏക്കർ സ്ഥലത്ത് പുതിയതായി കൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ ഉദ്ദേശം 16000 ടൺ അധിക ഉല്പാദനം ഉണ്ടായതായി കണക്കാക്കുന്നു. വർഷാന്ത്യത്തിൽ പാലക്കാട് പോലെയുള്ള നെല്ലറകളിൽ ഉണ്ടായ കൊടിയ വരൾച്ച 2016-17 സാമ്പത്തിക വർഷത്തിലെ മൂന്നാം വിള കൃഷിക്ക് ദോഷം ചെയ്യുകയും ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## 2015-16-ലെ നെൽകൃഷി വിസ്തൃതി സംബന്ധിച്ച ജില്ലതിരിച്ചുള്ള വിവരങ്ങൾ

| ജില്ല | | നെൽകൃഷി വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1. | തിരുവനന്തപുരം | 2119 |
| 2. | കൊല്ലം | 1555 |
| 3. | പത്തനംതിട്ട | 2534 |
| 4. | ആലപ്പുഴ | 31724 |
| 5. | കോട്ടയം | 16272 |
| 6. | ഇടുക്കി | 887 |
| 7. | എറണാകുളം | 5950 |
| 8. | തൃശ്ശൂർ | 24625 |
| 9. | പാലക്കാട് | 81120 |
| 10. | മലപ്പുറം | 8687 |
| 11. | കോഴിക്കോട് | 2872 |
| 12. | വയനാട് | 9204 |
| 13. | കണ്ണൂർ | 5478 |
| 14. | കാസറഗോഡ് | 3843 |
| | **ആകെ** | **196870** |

**സെക്ഷൻ ഓഫീസർ**